11/82 2017. **SET- A**

# വാർഷികമൂല്യനിർണയം --2017
# മലയാളം
## കേരളപാഠാവലി

സ്റ്റാൻഡേർഡ് : IX

സമയം : 1½ മണിക്കൂർ
സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങൾ, നിർദേശങ്ങൾ എന്നിവ ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1, 2 ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

1. "ഏതു വരണ്ട കണ്ണുകളെയും ഈറനാക്കുന്ന കൊടിയ മീനച്ചൂടിന്റെ മാധുര്യം 'മാമ്പഴ' ത്തിലുണ്ടായിരുന്നു."
'മീനച്ചൂട്' - എങ്ങനെ വിഗ്രഹിക്കാം?
(മീനവും ചൂടും, മീനത്താലുള്ള ചൂട്, മീനത്തിലെ ചൂട്, മീനത്തിൽ ചൂട്) (1)

2. 'പുഞ്ചിരിയായൊരു തൂനിലാവേറ്റുനി-
ന്നെഞ്ചിത്തമായുള്ളൊരാമ്പൽ ചെമ്മേ'
തൂനിലാവിനു തുല്യമായി പറഞ്ഞിരിക്കുന്ന പുഞ്ചിരി ആരുടേത്?
(അക്രൂരന്റെ, ആമ്പലിന്റെ, ശ്രീകൃഷ്ണന്റെ, ഗോപികമാരുടെ) (1)

3. ലളിതം - ലാളിത്യം
താഴെ തന്നിരിക്കുന്ന പദം ഇതുപോലെ മാറ്റിയെഴുതുക. (1)
കഠിനം -

4. മൂടക്കുരുവും വാട്ടുകപ്പയുമുള്ള വീട്ടമ്മയ്ക്ക് <u>തലവേദനയില്ല.</u>
വൈദ്യസഹായം തേടിയതിനുശേഷം <u>തലവേദനയില്ല.</u>
അടിവരയിട്ട പദങ്ങളുടെ അർഥവ്യത്യാസം കുറിക്കുക. (1)

5 "മിണ്ടുകില്ലൊന്നും തന്നെ മിഴിയും ചുണ്ടും; വണ്ടി-
ത്തണ്ടിന്റെ ദയാർഹമാം ഞരക്കം മാത്രം കേൾക്കാം" (2)
വരികളിലെ കാവ്യപരമായ ഏതെങ്കിലും രണ്ടു സവിശേഷതകൾ കണ്ടെത്തിയെഴുതുക

6 'തേറ്റിയരയ്ക്കുന്ന ഒരു ജന്തുവിനെപ്പോലെ താൻ കടിച്ചുപറിച്ച, തന്നെ കടിച്ചുപറിച്ച അനുഭവങ്ങൾ നിഴലിൽ കിടന്ന് കവിയും ചവച്ചരയ്ക്കുന്നു - അതൊരു തത്ത്വചിന്തയായി, ദർശനമായിത്തീരും വരെ'. (*കവിതയുടെ മൃത്യുഞ്ജയം*)

കാവ്യരചനയ്ക്ക് പിന്നിലെ മാനസികപ്രക്രിയയെക്കുറിച്ചുള്ള രണ്ടു സൂചനകൾ മേലുദ്ധരിച്ച വാക്യത്തിൽ നിന്നു കണ്ടെത്തിയെഴുതുക. (2)

7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. (4 സ്കോർ വീതം) (5 x 4 = 20)

7. 'വിളക്കു കത്തിപ്പതിനന്തിയായാൽ
മിന്നാമിനുങ്ങും ത്വരയാർന്നിരിക്കേ,
ദീനത്വമെന്തിനു നമുക്കു മാത്രം
തീക്കോലുരയ്ക്കാൻ? തിരിയിൽക്കൊളുത്താൻ?'

പ്രകൃതി നൽകുന്ന ജീവിതപാഠങ്ങൾ തിരിച്ചറിയണമെന്ന് കവി നമ്മെ ഓർമ്മപ്പെടുത്തുകയാണോ? സ്വാഭിപ്രായം കുറിക്കുക.

8. 'കുറച്ചൊരു അന്തസ്സിൽ ജീവിക്കുകയും വേണമല്ലോ. എന്റെ പേരിലുള്ള നിലം വിറ്റ് പണമാക്കിയാൽ അതെനിക്കു വലിയ ഉപകാരമാവും.' (*കീറിപ്പൊളിഞ്ഞ ചകലാസ്*)

'എന്തു നേടിയിട്ടും ഒടുവിൽ അവയൊന്നും കൂടെയില്ലാത്ത അവസ്ഥയിലേക്ക് എത്തുന്നത് മനുഷ്യന്റെ വിധിയാണ്.' (*എട്ടാമത്തെ മോതിരം*)

ജീവിതത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

9. നാടുവാഴി തെളിഞ്ഞാലേ ഞാൻതെളിയൂ!
നാടുവാഴീരുന്നാലേ ഞാനിരിക്കൂ!
നാളത്തേ പുല്ലപുലരും കാലം
വേണാട് പൂങ്കൊയിലോം പോണെനക്ക്'

ഈ വരികളിൽ തെളിയുന്ന മതിലേരിക്കന്നിയുടെ മാനസികാവസ്ഥ പരിശോധിച്ച് കുറിപ്പു തയാറാക്കുക.

10. "പൊട്ടക്കലമോ ചീനച്ചട്ടിയോ അടുപ്പിൽ വച്ച് ചുട്ടുപഴുക്കുമ്പോൾ മുടക്കുരു വാരിയിട്ട് ഇളക്കി വറുക്കണം. പാകമായാൽ മുറത്തിൽ ചൊരിഞ്ഞിട്ട് ചിരട്ടകൊണ്ടമർത്തിത്തേച്ചാൽ തൊലിയും ചവരും പോയിക്കിട്ടും. കടിച്ചു തിന്നാം. തേങ്ങാപ്പൂളുമുണ്ടെങ്കിൽ രസം പരിപാടി."
(*തേൻവരിക്ക*)

പ്രകൃതിയോടിണങ്ങിയ ഒരു ഭക്ഷ്യസംസ്കാരമാണു നമുക്കുണ്ടായിരുന്നത്. ഈ സംസ്കാരം നിലനിർത്താൻ നമുക്കു കഴിയുന്നുണ്ടോ? വിമർശനാത്മകമായി പരിശോധിച്ച് കുറിപ്പു തയാറാക്കുക.

11. "ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ'

'ജീവിതം കയറ്റിയോരുൽക്കടബ്ഭാരം തിങ്ങു-
മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ !' (*കാളകൾ*)

കാളവണ്ടിക്കാരന്റെ ചിത്രീകരണത്തിന് കവിതയിലെ പ്രയോഗങ്ങൾ എത്രമാത്രം മിഴിവേകുന്നുണ്ടെന്ന് പരിശോധിക്കുക.

12 'അവർ അയാളെത്തന്നെ നോക്കി നിന്നു. തളയ്ക്കപ്പെട്ട മൃഗത്തിന്റെ വന്യമായ നോട്ടം.'
(*സാക്ഷി*)

ഈ പ്രയോഗത്തിൽ കഥാപാത്രത്തിന്റെ മാനസികാവസ്ഥ എത്രമാത്രം പ്രകടമാണ്? വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക.

**13, 14 ചോദ്യങ്ങളിൽ ഒന്നിനു മാത്രം ഉത്തരമെഴുതുക.** **(6)**

13. "ജീവിതത്തിൽ ആപത്ത് ആർക്കും ഉണ്ടാവും. ആപത്തിൽ അന്യോന്യം തുണയ്ക്കാനാണ് ദൈവം മനുഷ്യന് വിവേകം കൊടുത്തിരിക്കുന്നത്" (*തമിഴ് ടാക്സിക്കാർ*)
ഡ്രൈവറുടെ ഈ മനോഭാവം ഇന്ന് നിലനിൽക്കുന്നുണ്ടോ? സമകാലികസാമൂഹികാവസ്ഥകൾ പരിഗണിച്ച് 'തിരിച്ചുപിടിക്കേണ്ട മാനവികത' എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക.

14. 'ചുളകൾ തിന്ന് കുരു താഴെ വീഴ്ത്തും. മണ്ണിൽക്കിടന്നു മുളച്ച് വംശവർധനവിന്. പക്ഷേ, സ്വാർഥനായ മനുഷ്യൻ സമ്മതിക്കില്ല. ഒന്നില്ലാതെ പെറുക്കിയെടുക്കും. മനുഷ്യന് എത്ര തിന്നാലും മതിയാവുകയില്ലല്ലോ' (*തേൻവരിക്ക*)

മനുഷ്യന്റെ മനോഭാവത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് കഥാസന്ദർഭത്തിൽ നിന്ന് ലഭിക്കുന്നത്? നിങ്ങളുടെ നിരീക്ഷണം ഉൾക്കൊള്ളിച്ച് 'പ്രകൃതിയും മനുഷ്യനും' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

15. ആശയം, ആസ്വാദനാംശങ്ങൾ എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയാറാക്കുക. (6)

### ശാന്ത

നമ്മുടെ കിണറും വറ്റിയോ?
എല്ലാ കിണറും വറ്റിയിരിക്കുന്നു
കുളവും കൈത്തോടും പുഴയും വറ്റിയിരിക്കുന്നു
കടവിൽ കയറ്റിവെച്ചിരിക്കുന്ന കടത്തുവള്ളത്തിന്റെ
പിരിഞ്ഞ അമരത്ത് ഒന്നും ചെയ്യാനില്ലാതെ
മുട്ടിന്നിടയിൽ തല തിരുകിയിരിക്കുന്ന
കടത്തുകാരനെ ഞാൻ കണ്ടു.

നദിക്കരയിലെ വരണ്ട മണലിന്റെ മുനകളിൽ
അവന്റെ കണ്ണുകൾ ഉടക്കിക്കിടക്കുന്നു
തലപൊക്കിക്കുശലം ചോദിക്കാൻ അവൻ
മറന്നുപോയിരിക്കുന്നു
വന്ന വഴിക്ക് ഞാൻ കണ്ടു
നീ നട്ടു വെള്ളം കോരിയ വെള്ളരിവള്ളികൾ
പടരാനാവാതെ വഴന്നു തലകുത്തി വീണിരിക്കുന്നു
വയലിന്റെ വാത്സല്യംപോലും വറ്റിവരണ്ടിരിക്കുന്നു
തവളകളുടെ കരച്ചിലുമില്ല
കരഞ്ഞു കരഞ്ഞു മഴ വരുത്തുന്ന തവളകൾ
അവയ്ക്കെന്തു പറ്റിക്കാണും?
വരമ്പുകളിലെ വിടവുകളിലിരുന്നു മരിച്ചുകാണും

(കടമ്മനിട്ട രാമകൃഷ്ണൻ)